പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1879 19.06.2012 ൽ മറുപടിയ്ക്ക്

ഉത്പാദനമേഖലയിൽ പുതിയ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പ മന്ത്രി) |
| (എ) | 2006 മെയ് മുതൽ 2011 മെയ് വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപാദനമേഖലയിൽ ഏതെല്ലാം പുതിയ പദ്ധതികൾക്ക് രൂപം നൽകി; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ അനുമതി ലഭിച്ചു; | (എ) | 2006 മെയ് മുതൽ 2011 മെയ് വരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡ് അംഗീകാരം നൽകിയ പദ്ധതികളുടേയും കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ അനുമതി ലഭിച്ച വിവിധ പദ്ധതികളുടേയും വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഈ കാലയളവിൽ ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം നടന്നു;ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു; | (ബി) | ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഈ കാലയളവിൽ എത്ര പദ്ധതികൾ കമ്മീഷൻ ചെയ്തുവെന്നും പ്രസ്തുത പദ്ധതികളുടെ ഉൽപാദനശേഷിയെത്രയെന്നും വ്യക്തമാക്കുമോ; | (സി) & (ഡി) | ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ഡി) | ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാനാകുമെന്ന് പദ്ധതി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | 2011 മെയ് മാസത്തിനുശേഷം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | ഇക്കാര്യത്തിൽ താഴെപറയുന്ന നടപടികൾ സ്വീകരിച്ചു.<br>1.നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി റാന്നി-പെരുനാട് SHEP (4MW, 16.73MU) 16.02.2012-ൽ കമ്മീഷൻ ചെയ്തു.<br>2. ചിമ്മിനി (2.5 MW, 6.7 MU), പൊരിങ്ങൽകുത്ത് (24 MW, 45.02 MU), പെരുന്തേനരുവി (6 MW, 25.76 MU) എന്നീ പദ്ധതികളുടെ നിർമ്മാണോദ്ഘാടനം നടത്തി.<br>3. വെള്ളത്തൂവൽ (3.6 MW, 12.07 MU) പദ്ധതിയുടെ സിവിൽ ജോലികൾ, ആഢ്യൻപാറ പദ്ധതിയുടെ ബാലൻസ് വർക്കുകൾ എന്നിവയുള്ള വർക്ക് ഓർഡർ നൽകി.<br>4.സ്ഥലമേറ്റെടുക്കാനുണ്ടായ കാലതാമസം മൂലം പണികൾ മുടങ്ങിയ തോട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി പണികൾ പുനരാരംഭിച്ചു.<br>5. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി വാങ്ങിച്ചു.<br>6. ആനക്കയം, പൊരിങ്ങൽക്കുത്ത് എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>7. നിർമ്മാണത്തിലിരിക്കുന്ന 14 ജലവൈദ്യുത പദ്ധതികളെ കൂടാതെ ഏകദേശം 600 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 38 ജലവൈദ്യുത പദ്ധതികൾ അടുത്ത അഞ്ചു വർഷത്തിനകം ടെണ്ടർ ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>8. പദ്ധതി പ്രവർത്തികൾക്കാവശ്യമായ കാലതാമസം പരമാവധി ഒഴിവാക്കാനുള്ള നടപടികളും എടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ മാങ്കുളം, ചിന്നാർ, അപ്പർ കല്ലാർ എന്നീ |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥലത്തിന്റെ ഉചിതവില സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനായി ഡിസ്ട്രിക്ട് കളക്ടറും സർവ്വേ ഡയറക്ടറും ബോർഡ് ഉദ്യോഗസ്ഥരും ചേർന്ന ഒരു കമ്മിറ്റിയെ 01.06.2012 ലെ ജി.ഒ.(എം.എസ്)10/12/പിഡി നംപർ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്